**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 317** **23-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ നവീകരണം സംബന്ധിച്ചുള്ള പുരോഗതി വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം 2012-13 വർഷം 114 ഗ്രാമങ്ങളെ തെരഞ്ഞെടുത്തതിൽ 112 ഗ്രാമങ്ങളിൽ പ്രവൃത്തി ആരംഭിക്കുകയും 89 ഗ്രാമങ്ങളിൽ പ്രവൃത്തി പൂർത്തീകരിക്കുകയും 23 ഗ്രാമങ്ങളിൽ പ്രവൃത്തി പൂർത്തിയാക്കാനുമുണ്ട്. 2013-14 വർഷം 102 ഗ്രാമങ്ങളെ തെരഞ്ഞെടുത്തതിൽ 95 ഗ്രാമങ്ങളിൽ പ്രവൃത്തി ആരംഭിക്കുകയും 49 ഗ്രാമങ്ങളുടെ പ്രവർത്തി പൂർത്തീകരിക്കുകയും 46 ഗ്രാമങ്ങളുടെ പ്രവൃത്തി പൂർത്തിയാക്കാനുമുണ്ട്. അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം 2016-17 വർഷം വകുപ്പ് ഏറ്റെടുത്ത ആകെ 250 പട്ടികജാതി ഗ്രാമങ്ങളിൽ 118 ഗ്രാമങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും പദ്ധതി മാനദണ്ഡ പ്രകാരമല്ലാത്ത 2 ഗ്രാമങ്ങളെ റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. 130 ഗ്രാമങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതായിട്ടും ഉണ്ട്. 2018-19 വർഷം പ്രളയാനന്തര കോളനികളുടെ പുനർ നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതി പ്രകാരം ആകെ 89 ഗ്രാമങ്ങളെ തെരഞ്ഞെടുക്കുകയും, പദ്ധതി മാനദണ്ഡ പ്രകാരമല്ലാത്ത 7 ഗ്രാമങ്ങളെ പദ്ധതിയിൽ നിന്നും റദ്ദ് ചെയ്യുകയും 13 ഗ്രാമങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുകയും 69 ഗ്രാമങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിക്കാനുമുണ്ട്. 2019-20 വർഷം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള 90 ഗ്രാമങ്ങളിൽ നാളിതുവരെ 2 ഗ്രാമങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും 88 ഗ്രാമങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതായിട്ടും ഉണ്ട്. 2020-21 വർഷം പദ്ധതി പ്രകാരം 26 പട്ടികജാതി ഗ്രാമങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഒരു നിർമ്മാണ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടില്ല. 2017-18 സാമ്പത്തികവർഷം 94 |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ കോളനികൾ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അംബേദ്കർസെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിൽ 22 കോളനികളുടെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന കോളനികളുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. 2020-21 വർഷം 64 പട്ടികവർഗ്ഗ കോളനികളെ അംബേദ്കർസെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ടി കോളനികളിൽ നിർവ്വഹണ ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പട്ടികജാതി കോളനികളിൽ ഭവന പുനർനിർമ്മാണ പ്രവർത്തനങ്ങൾ പ്രതിസന്ധിയിലാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ട് ഉപയോഗിക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നിലവിൽ കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തുന്നില്ല. |

സെക്ഷൻ ഓഫീസർ